# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## <u>വിജ്ഞാപനം</u>

നമ്പർ.199/ആർ1/2021/കെ.ഡി.ആർ.ബി

തിരുവനന്തപുരം
തീയതി. 17.03.2021

**വിജ്ഞാപന തീയതി**
**17.03.2021**

**അവസാന തീയതി**
**19.04.2021**

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ **അസിസ്റ്റന്റ് എൻജിനീയർ (എൻവയോൺമെന്റൽ)** തസ്തികയിൽ നിലവിലുള്ള 1 (ഒരു) ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | **01/2021** |
| 2 | തസ്തികയുടെ പേര് | **അസിസ്റ്റന്റ് എൻജിനീയർ (എൻവയോൺമെന്റൽ)** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **തിരുവിതാംകൂർ ദേവസ്വം ബോർഡ്** |
| 4 | ശമ്പള സ്കെയിൽ | **രൂപ 39500 - 83000** |
| 5 | യോഗ്യതകൾ | 1. സിവിൽ / കെമിക്കൽ എൻജിനീയറിംഗിലുള്ള ബിടെക്ക് / ബിഇ അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>2. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് / ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം (പ്രവൃത്തി പരിചയം സർക്കാർ / പബ്ലിക് അണ്ടർടേക്കിംഗ് സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതായിരിക്കണം)<br>**കുറിപ്പ്** 1 :- പുരുഷ ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും.<br>**കുറിപ്പ്** 2 :- സർക്കാർ / പബ്ലിക് അണ്ടർടേക്കിംഗ് സ്ഥാപനത്തിൽ നിന്നും ലഭിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് കേരള |

| | | |
|---|---|---|
| | | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. |
| 6 | ഒഴിവുകളുടെ എണ്ണം | 1 (ഒന്ന്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്<br>ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7 | നിയമനരീതി | നേരിട്ടുള്ള നിയമനം |
| 8 | പ്രായ പരിധി | **18–36. ഉദ്യോഗാർത്ഥികൾ 01.01.2003 നും 02.01.1985 നും ഇടയിൽ** ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നാക്ക സമുദായങ്ങളിൽ പ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. **(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥളിലെ രണ്ടാം ഖണ്ഡിക നോക്കുക)** |
| 9 | അപേക്ഷ ഫീസ്<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 500/–(അഞ്ഞൂറ് രൂപ മാത്രം) പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് രൂപ 300/–(മുന്നൂറ് രൂപ മാത്രം) (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്) |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ താല്ക്കാലികമായി / ദിവസ വേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ള പക്ഷം അവർ പ്രസ്തുത നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.<br><br>2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇതേ തസ്തികയിൽ താല്ക്കാലിക / ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ഓരോ മൂന്നു വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>3. എഴുത്തു പരീക്ഷ ഇല്ലാതെ അഭിമുഖത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൽ താല്ക്കാലിക/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ആദ്യത്തെ മൂന്നു വർഷത്തിന് അര (1/2) മാർക്കും തുടർന്നുള്ള ഓരോ വർഷത്തിനും 0.16 മാർക്കും എന്ന കണക്കിൽ പരമാവധി രണ്ടര ( 2 1/2) മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന താല്ക്കാലിക / ദിവസ വേതന ജീവനക്കാർ അവർ **<u>സർവ്വീസിൽ പ്രവേശിച്ച തീയതി, ജോലി ചെയ്യുന്ന തസ്തിക, ശമ്പളം, സർവ്വീസിന്റെ ദൈർഘ്യം, ജോലിയുടെ സ്വഭാവം തുടങ്ങിയവ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറിൽ കുറയാത്ത റാങ്കുള്ള അധികാരിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.</u>** താല്ക്കാലിക ജീവനക്കാർ അവരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്.<br><br>4. ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് ( Economically Weaker Sections of Hindu Unreserved Communities ) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O(P)79/2019/RD പ്രകാരം ഇതിനർഹരായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് വില്ലേജ് ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല. |

| | | |
|---|---|---|
| | | **ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.**<br><br>1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലെയോ, സഹകരണ മേഖലയിലെയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിയ്ക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായമോ, ഗ്രാന്റോ ലഭിയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്. എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങലിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.<br><br>2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായ നികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.<br>3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.<br>4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാ വിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.<br><br>**ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ മാതാപിതാക്കൾ (Parents), അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ പൂർത്തിയാകാത്ത മക്കൾ / സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.**<br><br>വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസറുടെ പേരും ഒപ്പം തീയതിയിലും ഓഫീസ് സീലും ഉണ്ടായിരിക്കണം. |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്ന മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും |

| | | |
|---|---|---|
| | | ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർ ഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർ പ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷാ ഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണി ഓർ ഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷ ഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷ ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **19.04.2021** അർദ്ധരാത്രി 12 മണി വരെ |
| 13 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഫോട്ടോ, ഐ.ഡി.കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥയിലെ ഖണ്ഡിക 3, 4, 5 ഇവ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്